# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ജൂൺ 4

# വാർത്താക്കുറിപ്പ്

## കോളേജുകൾ ജൂൺ ആറിന് തുറക്കും

മധ്യവേനലവധിക്കുശേഷം മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകൾ ജൂൺ ആറിന് തുറക്കുമെന്ന് രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ അറിയിച്ചു.

(പി.ആർ.ഒ./39/1001/2019)

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് – സി.എസ്.എസ്.) പരീക്ഷകൾ ജൂൺ 19ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 10 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 14 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1002/2019)

## അപേക്ഷ തീയതി

ഒന്നും, രണ്ടും മൂന്നും വർഷ ബി.പി.ഇ. (ആന്വൽ സ്കീം - 2013ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 17 വരെയും 500 രൂപ പിഴയോടെ 18 വരെയും 1000 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതം സി.വി. ക്യാമ്പ് ഫീസായി (പരമാവധി 200 രൂപ) പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1003/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ. മ്യൂസിക്, വീണ (സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്. (റഗുലർ) പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂൺ 12 മുതൽ 14 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1004/2019)

## എം.എസ്‌സി. പ്രവേശനം; ഇന്റർവ്യൂ ജൂൺ ഏഴിന്

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിലെ എം.എസ്‌സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് പ്രോഗ്രാം പ്രവേശനത്തിന് അഡ്മിഷനുള്ള ഇന്റർവ്യൂ ജൂൺ ഏഴിന് രാവിലെ 10 മുതൽ നടക്കും. അറിയിപ്പ് ലഭിച്ചവർ തിരിച്ചറിയൽ രേഖകൾ സഹിതം എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732120, 2732620.

(പി.ആർ.ഒ./39/1005/2019)

## എം.എ. പ്രവേശനം; ഇന്റർവ്യൂ 110നും 11നും

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ്

ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ് പബ്ലിക് പോളിസി ആന്റ് ഗവേണൻസ് പ്രോഗ്രാം പ്രവേശനത്തിനുള്ള ഇന്റർവ്യൂ ജൂൺ 10, 11 തീയതികളിൽ നടക്കും.

290നു മുകളിൽ ഇൻഡക്സ് മാർക്കുള്ളവർ ജൂൺ 10ന് നടക്കുന്ന ഇന്റർവ്യൂവിലും 225നും 289നും ഇടയ്ക്ക് ഇൻഡക്സ് മാർക്കുള്ളവർ ജൂൺ 11നും നടക്കുന്ന ഇന്റർവ്യൂവിൽ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കണം. രാവിലെ 9.30 മുതൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലാണ് ഇന്റർവ്യൂ. ഇൻഡക്സ് മാർക്ക് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1006/2019)

## എം.ടി.ടി.എം. വിവരണാത്മക പരീക്ഷ ജൂൺ 11ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ എം.ടി.ടി.എം. പ്രോഗ്രാമിന്റെ പ്രൊവിഷണൽ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുള്ള വിവരണാത്മക പരീക്ഷ ജൂൺ 11ന് രാവിലെ 10ന് പഠനവകുപ്പിൽ നടക്കും. ഉച്ചയ്ക്കുശേഷം പ്രവേശനം നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2732922.

(പി.ആർ.ഒ./39/1007/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) മെയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂൺ 14 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1008/2019)

2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ (പ്രൈവറ്റ് - റഗുലർ/സപ്ലിമെന്ററി) എം.എ. അറബിക് പരീക്ഷയുടെ വൈവാവോസി ജൂൺ 11, 12 തീയതികളിൽ രാവിലെ 10 മുതൽ എറണാകുളം മഹാരാജാസ് കോളേജിലെ അറബിക് വിഭാഗത്തിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1009/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.ടി.ടി.എം. (മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്)/എം.ടി.എ. (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1010/2019)

2019 മാർച്ചിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1011/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1012/2019)

## ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയനും ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും സംയുക്തമായി യു.ജി.സി. -സി.എസ്.ഐ.ആർ. നെറ്റ്/ജെ.ആർ.എഫ്. ദ്വിദിന പരീക്ഷ പരിശീലനം സംഘടിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മുഖ്യപ്രഭാഷണം നടത്തി. വിവിധ കോളേജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നും വിദ്യാർഥികൾ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയനും ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച യു.ജി.സി. -സി.എസ്.ഐ.ആർ. നെറ്റ്/ജെ.ആർ.എഫ്. ദ്വിദിന പരീക്ഷ പരിശീലന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മുഖ്യപ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/1013/2019)

# എം.ജി. ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാം; ഈ അധ്യയന വർഷത്തെ അക്കാദമിക കലണ്ടറായി

**- അക്കാദമിക കലണ്ടറനുസരിച്ച് ക്ലാസുകൾ നടത്തണം**

**- പരീക്ഷ കലണ്ടറും പ്രസിദ്ധീകരിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ 2019-20 അധ്യയന വർഷത്തേക്കുള്ള അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ കോളേജുകളിലും അക്കാദമിക കലണ്ടർ അനുസരിച്ച് ക്ലാസുകൾ നടത്തണം. കോളേജുകൾ ജൂൺ ആറിന് തുറക്കും.

ഒന്നാം സെമസ്റ്റർ ബിരുദ ക്ലാസുകൾ ജൂൺ 24ന് ആരംഭിക്കും. നവംബർ 11ന് അവസാനിക്കും. രണ്ടാം സെമസ്റ്റർ ക്ലാസുകൾ നവംബർ 12ന് ആരംഭിച്ച് 2020 മാർച്ച് 31ന് അവസാനിക്കും. മൂന്ന്, അഞ്ച് സെമസ്റ്റർ ക്ലാസുകൾ ജൂൺ ആറിന് ആരംഭിച്ച് ഒക്ടോബർ 31ന് അവസാനിക്കും. നാല്, ആറ് സെമസ്റ്റർ ക്ലാസുകൾ നവംബർ ഒന്നിന് ആരംഭിച്ച് 2020 മാർച്ച് 31ന് അവസാനിക്കും.

ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ ക്ലാസുകൾ ജൂൺ 17ന് ആരംഭിച്ച് നവംബർ എട്ടിന് അവസാനിക്കും. രണ്ട്, നാല് സെമസ്റ്റർ ക്ലാസുകൾ നവംബർ 11ന് ആരംഭിച്ച് 2020 മാർച്ച് 31ന് അവസാനിക്കും. മൂന്നാം സെമസ്റ്റർ ക്ലാസുകൾ ജൂൺ 20ന് ആരംഭിച്ച് നവംബർ എട്ടിന് അവസാനിക്കും. രണ്ടാം സെമസ്റ്റർ (2018-19) ക്ലാസുകൾ ജൂൺ 19ന് അവസാനിക്കും. 2019 ജൂൺ മുതൽ 2020 മാർച്ച് വരെ 194 പ്രവൃത്തിദിനങ്ങളാണുള്ളത്.

സെപ്റ്റംബർ ഏഴ് മുതൽ 15 വരെയാണ് ഓണാവധി. ഡിസംബർ 21 മുതൽ 29 വരെ ക്രിസ്മസ് അവധിയും ഏപ്രിൽ ഒന്ന് മുതൽ മെയ് 31 വരെ മധ്യവേനലവധിയുമാണ്. വിവിധ സെമസ്റ്റർ പരീക്ഷകൾ സർവകലാശാല പ്രസിദ്ധീകരിച്ച പരീക്ഷ കലണ്ടർ അനുസരിച്ച് നടത്തണം. പ്രിൻസിപ്പൽമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പരീക്ഷ കലണ്ടർ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1014/2019)

# സിവിൽ സർവീസ് പരീക്ഷ പരിശീലനം; ജൂൺ 12 വരെ അപേക്ഷിക്കാം

യു.പി.എസ്.സി. സിവിൽ സർവീസ് പ്രാഥമിക പരീക്ഷ പരിശീലനത്തിന് മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം. 18 വയസ് കഴിഞ്ഞ ബിരുദ വിദ്യാർഥികൾക്കായി ശനി, ഞായർ മറ്റൊഴിവ് ദിനങ്ങളിലാണ് പരിശീലനം.

അഭിരുചി പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ആകെ 60 സീറ്റാണുള്ളത്. ജൂൺ 12 വരെ അപേക്ഷിക്കാം. ജൂൺ 23ന് അഭിരുചി പരീക്ഷ നടക്കും. പട്ടികജാതി/പട്ടികവർഗ, മറ്റ് പിന്നാക്ക സമുദായ വിദ്യാർഥികൾക്ക് സംവരണമുണ്ട്. സർവകലാശാല

ലൈബ്രറി, കമ്പ്യൂട്ടർ ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദമായ വിജ്ഞാപനവും അപേക്ഷഫോമും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1015/2019)

## ഡി.എസ്.എസ്. കരാർ നിയമനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡയറക്ടർ സ്റ്റുഡന്റ്സ് സർവീസസ് (ഡി.എസ്.എസ്.) തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കാലാവധി. വിരമിച്ച അധ്യാപകരെയും പരിഗണിക്കും. യോഗ്യത; ഫസ്റ്റ്/സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദം, സർവകലാശാലയിലോ കോളേജുകളിലോ അധ്യാപകരായി ഏഴ് വർഷത്തെ പ്രവൃത്തി പരിചയം, അംഗീകരിക്കപ്പെട്ട സ്റ്റുഡന്റ്സ് സർവീസസ് പരിപാടികൾ സംഘടിപ്പിച്ച് പരിചയം. പ്രായം 2019 ജനുവരി ഒന്നിന് 62 വയസ് കവിയരുത്. അപേക്ഷ ഫീസ് 750 രൂപ.

ഓൺലൈൻ മുഖേന epay.mgu.ac.in എന്ന വെബ്സൈറ്റിലൂടെ Miscellenious കാറ്റഗറിയിൽ ഫീസടയ്ക്കണം. അപേക്ഷഫോറം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷയുടെ അഞ്ച് പകർപ്പുകളും വയസ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളും അപേക്ഷ ഫീസ് രസീതുമടക്കമുള്ള അപേക്ഷ ജൂൺ 20നകം സമർപ്പിക്കണം.

അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് 'ഡയറക്ടർ സ്റ്റുഡന്റ് സർവീസസ് തസ്തികയിലേക്കുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തണം. ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560 എന്ന വിലാസത്തിലാണ് അപേക്ഷകൾ അയയ്ക്കേണ്ടത്. 2019 ജനുവരി 14ലെ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ